പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 460

27.09.2016 - ൽ മറുപടിക്ക്

## നന്മ സ്റ്റോറുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഹൈബി ഈഡൻ<br>,, എം. വിൻസെന്റ്<br>,, എൽദോസ് കുന്നപ്പിള്ളി<br>,, വി.പി.സജീന്ദ്രൻ | ശ്രീ. എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് നന്മ സ്റ്റോറുകൾ പൂട്ടുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;<br>(ബി) പ്രസ്തുത തീരുമാനത്തിന് കണ്ടെത്തിയ കാരണങ്ങളും വസ്തുതകളും എന്തൊക്കെയാണെന്ന് വിവരിക്കുമോ; | (എ) & (ബി) ഉണ്ട്. അർദ്ധ സർക്കാർ സ്ഥാപനമോ, സന്നദ്ധ സംഘടനകളോ, തദ്ദേശ സ്വയംഭരണ സ്ഥാപനമോ സഹകരണ സ്ഥാപനങ്ങളോ സർക്കാർ അർദ്ധ സർക്കാർ സ്ഥാപനമോ, വാടക രഹിതമായി സ്ഥലം അനുവദിച്ച സ്ഥലങ്ങളിലാണ് നന്മ സ്റ്റോറിന്റെ പ്രവർത്തനം ആരംഭിച്ചത്. കരാർ കാലവധി അവസാനിച്ച മുറയ്ക്ക് ഇവയിൽ പലതും ഒഴിഞ്ഞ്കൊടുക്കുവാൻ ഫെഡറേഷൻ നിർബന്ധിതമായി. വില്പന കുറയുകയും, എല്ലാ നന്മ സ്റ്റോറുകളും തുടർച്ചയായ നഷ്ടത്തിലേയ്ക്ക് നീങ്ങുകയും ഉണ്ടായി. ജീവനക്കാരുടെ വേതനം, വൈദ്യുതി, ടെലിഫോൺ, യാത്രാപ്പടി എന്നീയിനങ്ങളിൽ വരുന്ന സംഖ്യ മുഴുവനായും കൺസ്യൂമർഫെഡിന്റെ ബാദ്ധ്യതയായി മാറി. കൺസ്യൂമർഫെഡിലെ കെടുകാര്യസ്ഥതയും സാമ്പത്തിക അച്ചടക്കമില്ലായ്മയും സ്ഥാപനത്തെ കനത്ത നഷ്ടത്തിലേക്ക് നയിച്ചു. ഈ സാഹചര്യത്തിലാണ് നന്മ സ്റ്റോറുകൾ പൂട്ടാൻ തീരുമാനിച്ചത്. |
| (സി) വിലക്കയറ്റം പിടിച്ചു നിർത്താനായി നന്മ സ്റ്റോറുകൾ വഴി നടത്തിയിരുന്ന പ്രവർത്തനങ്ങൾക്ക് ബദൽ മാർഗ്ഗങ്ങൾ കണ്ടെത്തിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ? | (സി) കണ്ടെത്തിയിട്ടുണ്ട്. പ്രാഥമിക സഹകരണ ബാങ്കുകൾ വഴി നീതി സ്റ്റോറുകൾ വ്യാപിപ്പിച്ച് കൺസ്യൂമർഫെഡ് ഉൽപ്പന്നങ്ങൾ വാങ്ങി ഗ്രാമതലങ്ങളിൽ എത്തിക്കുവാനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതു കൂടാതെ സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ ആവശ്യപ്പെടുന്ന പ്രൈമറി സർവ്വീസ് സഹകരണ സംഘങ്ങൾക്ക് കൈമാറി നൽകുന്നതിനും, നന്മ സ്റ്റോറുകൾ ഏറ്റെടുത്ത് നടത്തുവാൻ തയ്യാറായി വരുന്ന പഞ്ചായത്ത്/കുടുംബശ്രീ എന്നിവരെ അവ ഏൽപ്പിക്കുന്നതിനും പദ്ധതിയുണ്ട്. |

സെക്ഷൻ ഓഫീസർ